(സി) ഒറ്റപ്പാലം 110 കെ.വി. സബ്സ്റ്റേഷൻ കോമ്പൗണ്ടിൽ ഒറ്റപ്പാലം ഇലക്ട്രിക്കൽ സെക്ഷൻ ആഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായുള്ള ഒരു കരടു പദ്ധതി നിർദ്ദേശം ലഭ്യമായിട്ടുണ്ട്. ഇതുസംബന്ധിച്ച പൂർണ്ണവിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇതുസംബന്ധിച്ച അനന്തര നടപടികൾ കൈക്കൊള്ളാനാവുകയുള്ളൂ.

മങ്കടയിൽ 66 കെ.വി. സബ്സ്റ്റേഷൻ

79 (424) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കടയിൽ നിർമ്മാണത്തിലിരിക്കുന്ന സബ്സ്റ്റേഷന്റെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) 66 KV സബ്സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മങ്കട 66 കെ. വി. സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനിന്റെയും ജോലികൾ 70% പൂർത്തിയായിട്ടുണ്ട്.

(ബി) 2015 ഒക്ടോബർ മാസം കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കൊച്ചി മെട്രോ

80 (425) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ എന്തെല്ലാം മോണിറ്ററിംഗ് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ;

LIBRARY-ARCHIVES Kerala Legislative Assembly

(സി) പദ്ധതിക്കാവശ്യമായ തുക എങ്ങനെ കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ വേണ്ടി 2011 ഓഗസ്റ്റ് മാസത്തിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചു. ഈ പദ്ധതിക്ക് 2012 ജൂലൈ മാസം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുകയുണ്ടായി. തുടർന്ന് പദ്ധതി നടപ്പാക്കുന്നതിനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തി. 2013 ജൂൺ മാസം പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 5181.79 കോടി രൂപയാണ് പദ്ധതി നടപ്പാക്കാനായി കണക്കാക്കി യിട്ടുള്ളത്. പദ്ധതിയുടെ ചെലവിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം കൂടാതെ ഫ്രഞ്ച് ധനകാര്യ ഏജൻസിയായ, ഏജൻസ് ഫ്രാൻകൈസ് ഡി ഡെവലപ്മെന്റ് (AFD)-ൽ നിന്നും കാനറാ ബാങ്കിൽ നിന്നും കൂടാതെ പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി സംസ്ഥാന സർക്കാർ വഹിക്കേണ്ടതായ നിശ്ചിത തുകയിൽ 366 കോടി രൂപ ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പയായി ലഭ്യമാക്കി. പദ്ധതിക്കാവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ 99% ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. സിവിൽ സംബന്ധമായ നിർമ്മാണ ജോലികൾ 51% പൂർത്തിയായിക്കഴിഞ്ഞു.

(ബി) കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ബോർഡ് സംവിധാനം കൂടാതെ പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ചെയർമാനും കമ്പനിയുടെ മുഴുവൻ സമയ ഡയറക്ടർമാരും ഡി.എം.ആർ.സി. യുടെ ഡയറക്ടറും അംഗങ്ങളായിട്ടുള്ള രണ്ട് ഉപസമിതികളും നിലവിലുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഉത്തരവ് പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഹൈ പവർ കമ്മിറ്റി, പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. മാത്രവുമല്ല, അടിക്കടി മുഖ്യമന്ത്രിയും ഊർജ്ജവും റെയിൽവേയും വകുപ്പുമന്ത്രിയും പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് സമയബന്ധിതമായി പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക വിഹിതം യഥാക്രമം 1002.23 കോടി, 1911.56 കോടി രൂപയുമാണ്. ദീർഘകാല വായ്പയായി 2170 കോടി രൂപ ഫ്രഞ്ച് വികസന ഏജൻസിയിൽനിന്നും കാനറാ ബാങ്കിൽ നിന്നും ലഭ്യമാക്കുന്നതാണ്. കൂടാതെ വസ്തു വികസനത്തിൽനിന്നും 98 കോടി രൂപയും ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആലുവ മുതൽ മഹാരാജാസ് കോളേജ് ജംഗ്ഷൻ വരെയുള്ള 18 കിലോമീറ്റർ അടുത്ത വർഷം (2016) ജൂൺ മാസത്തിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. മഹാരാജാസ് കോളേജ് ജംഗ്ഷൻ മുതൽ പേട്ട വരെയുള്ള 7.253 കി.മീ. 2017 ജൂൺ മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

റെയിൽവേ വികസന പദ്ധതികൾ

81 (426) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികൾക്ക് മുൻഗണന നിശ്ചയിച്ച് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തുനിന്നും ആരംഭിക്കുന്ന പല ട്രെയിനുകളും അന്യസംസ്ഥാനങ്ങളിലേക്ക് മാറ്റിക്കൊണ്ടുപോകാൻ നടക്കുന്ന ശ്രമങ്ങൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തുചെയ്യാനാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ട്രെയിൻ സർവ്വീസ് ആരംഭിക്കുന്ന സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കൊണ്ട് സംസ്ഥാനത്തിന് നിലവിലുള്ള ട്രെയിനുകൾ നഷ്ടപ്പെടാനും പുതിയവ കിട്ടാതിരിക്കാനും ഇടയാക്കുന്ന സാഹചര്യം ഒഴിവാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തുനിന്നുള്ള ബഹുമാനപ്പെട്ട എം.പി. മാരോടും റെയിൽവേയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തി സംസ്ഥാനത്തിനായി റെയിൽവേ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് ഊന്നൽ നൽകി സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം ക്രോഡീകരിച്ച് മുൻഗണനാക്രമത്തിൽ ചേർത്ത് എല്ലാ റെയിൽവേ ബഡ്ജറ്റുകൾക്കും വളരെ മുമ്പുതന്നെ സംസ്ഥാന സർക്കാർ മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര സർക്കാരിനു സമർപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly